സ്വകാര്യ ആശുപത്രികളിലെ ചികിൽസാ ഫീസ്

*10. [134] ശ്രീ. കെ. മുഹമ്മദാലി :

" എം. മുരളി :

" പി. ജെ. ജോയി :

" കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ഫീസ് നിയന്ത്രിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇതിനു വേണ്ടി നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശ്യമുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) :

(എ) ഉണ്ട്.

(ബി, സി) സർക്കാർ ഉത്തരവ് 2394/2004/അ.കു.വ. തീയതി 21-8-2004 പ്രകാരം സ്വകാര്യ ആശുപത്രികളേയും അവയുടെ പ്രവർത്തനങ്ങളേയും മറ്റും നിയന്ത്രിക്കുന്നതിന് ഒരു കരട് ബിൽ തയ്യാറാക്കുന്നതിനായി ഒരു 'എക്സ്പേർട്ട്' കമ്മിറ്റിയെ നിയമിക്കുകയും അതനുസരിച്ച് കമ്മിറ്റി കരട് ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത ബിൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. ഇതു പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളെ അവയിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രാഥമികതലം, ദ്വിതീയതലം, തൃതീയതലം, സൂപ്പർസ്പെഷ്യാലിറ്റി / ഗവേഷണ സ്ഥാപനങ്ങൾ എന്നിങ്ങനെ ഇനം തിരിച്ച് അവയുടെ സ്റ്റാറ്റസ് തീരുമാനിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ചയുടെ അന്വേഷണം

*11. [135] ശ്രീ. എം. പ്രകാശൻ മാസ്റ്റർ :

" കോടിയേരി ബാലകൃഷ്ണൻ :

" എ. കെ. ബാലൻ :

" മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly